# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | | |
|---|---|---|
| DECEMBER | 14 | 2020 |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### തീർഥാടകരെത്തുന്നത് അതീവ സുരക്ഷയില്; ജാഗ്രതയോടെ വനം - പോലീസ് വകുപ്പുകള്

ശബരിമല തീർഥാടനത്തിന് എത്തുന്ന ഭക്തര് നിലയ്ക്കല് മുതല് സന്നിധാനം വരെയെത്തുന്നത് ഒട്ടനവധി സിസിടിവി ക്യാമറകള് ഒരുക്കുന്ന അതീവ സുരക്ഷാ നിരീക്ഷണത്തില്. തിരക്ക് കുറഞ്ഞ കാനന പാതയിലെ വന്യജീവികളുടെ സാന്നിധ്യം മുതല് കോവിഡ് മാനദണ്ഡങ്ങള് പാലിക്കുന്നത് വരെയുള്ള കാര്യങ്ങളെല്ലാം നിരീക്ഷണ ക്യാമറകള് ഒപ്പിയെടുക്കും. ഇതിനായി ചാലക്കയം മുതല് പമ്പ വരെയും തുടർന്ന് കാനന പാതയിലുമായി 76 അത്യാധുനിക നിരീക്ഷണ ക്യാമറകളാണ് പോലീസ് സ്ഥാപിച്ചിരിക്കുന്നത്. ഇതിന് പുറമേ ദേവസ്വം ബോർഡും വനം വകുപ്പും സ്ഥാപിച്ച ക്യാമറകളുമുണ്ട്. ഇവയില് നിന്നുള്ള ദൃശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഓരോ പോയിന്റിലൂടെയും ഭക്തരെ കടത്തി വിടുന്നതിനുള്ള തീരുമാനം പോലീസ് കൈക്കൊള്ളുന്നത്. തുടർന്ന് നടപ്പന്തലിലും സന്നിധാനത്തും എത്തുന്ന ഭക്തരെ ക്യാമറാ ദൃശ്യങ്ങൾക്ക് പുറമേ പോലീസ് നേരിട്ടും നിരീക്ഷണ വിധേയമാക്കും.

ചാലക്കയം റോഡ്, ഹിൽടോപ്പ്, പമ്പ, പരമ്പരാഗത റോഡ്, ചന്ദ്രാനന്ദന് റോഡ്, ശരംകുത്തി റോഡ്, സ്വാമി അയ്യപ്പന് റോഡ്, സന്നിധാനം എന്നിവിടങ്ങളിലെ പോയിന്റുകൾക്ക് കീഴില് വിവിധ

ഇടങ്ങളിലായാണ് 76 ക്യാമറകള് സ്ഥാപിച്ചിരിക്കുന്നത്.പമ്പയില് നിന്ന് ചന്ദ്രാനന്ദന് പാതയിലൂടെ മരക്കൂട്ടത്തെത്തി സ്വാമി അയ്യപ്പന് റോഡ് വഴിയാണ് അയ്യപ്പൻമാരെ സന്നിധാനത്തേക്ക് കടത്തി വിടുന്നത്. കരിമല, അപ്പാച്ചിമേട് വഴിയുള്ള യാത്ര ഒരു കാരണവശാലും അനുവദിക്കില്ല. ഈ പാതയും ക്യാമറാ നിരീക്ഷണത്തിലാണ്. ആവശ്യപ്പെടുന്ന തീർഥാടകരെ പകല് സമയത്ത് മാത്രം പോലീസിന്റെ സാന്നിധ്യത്തില് ശരംകുത്തി വഴി കടത്തി വിടുന്നുണ്ട്.

തീർഥാടകരുടെ എണ്ണം കുറവായതിനാല് പകല് സമയത്ത് പോലും പുലി ഉൾപ്പെടെയുള്ള വന്യജീവികളുടെ സാന്നിധ്യം ക്യാമറ ദൃശ്യങ്ങളില് പതിഞ്ഞത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തീർഥാടകരുടെ യാത്രാ സമയം ക്രമീകരിച്ചിട്ടുണ്ട്. പുലർച്ചെ രണ്ടര മുതല് നിലയ്ക്കലില് നിന്നും പുറപ്പെടുന്ന ഭക്തരെ നാല് മണി മുതല് പമ്പയില് നിന്നും സന്നിധാനത്തേക്ക് കയറ്റി വിടും. ഇതിന് മുമ്പായി പോലീസിന്റെയും വനം വകുപ്പിന്റെയും ട്രാക്ടര് സന്നിധാനത്ത് നിന്നും പമ്പ വരെ ഓടിക്കും. പാതയോരത്ത് വന്യജീവികളുടെ സാന്നിധ്യം ഉണ്ടെങ്കില് കണ്ടെത്തുന്നതിനും അവയെ നീക്കുന്നതിനുമാണിത്. സുരക്ഷയുടെ ഭാഗമായി എല്ലാ ദിവസത്തെയും ആദ്യ തീർഥാടക സംഘത്തോടൊപ്പം വനപാതയില് പോലീസും അനുഗമിക്കുന്നുണ്ട്. രാത്രി 9.30 ഓടെ അവസാന തീർഥാടകനെയും മലയിറക്കും. ഈ സമയവും ട്രാക്ടറില് വനം വകുപ്പ് ഉദ്യോഗസ്ഥര് പമ്പ വരെ തീർഥാടകരോടൊപ്പമുണ്ടാകും.

സിസിടിവി ദൃശ്യങ്ങള് 24 മണിക്കൂറും നിരീക്ഷിക്കുന്നതിന് സന്നിധാനത്ത് പ്രത്യേകം കൺട്രോള് റൂം സജ്ജമാക്കിയിട്ടുണ്ട്. ഇതേ ദൃശ്യങ്ങള് പമ്പയിലെ കൺട്രോള് റൂമിലും സന്നിധാനം, പമ്പ പോലീസ് സ്പെഷ്യല് ഓഫീസർമാരുടെ കാര്യാലയങ്ങളിലും നിരീക്ഷണ വിധേയമാക്കുന്നുണ്ട്. എല്ലാ ക്യാമറകളും കൺട്രോള് റൂമിലിരുന്ന് തന്നെ 360 ഡിഗ്രിയില് വീക്ഷിക്കുന്നതിനും സൂം ചെയ്ത് കാണുന്നതിനുമുള്ള സൗകര്യമുണ്ട്. നടപടി ആവശ്യമെങ്കില് അപ്പപ്പോള് തന്നെ പോലീസ് വയർലസ് സംവിധാനത്തിലൂടെ അതത് സ്ഥലത്തെ പോലീസ് ഓഫീസർമാർക്ക് നിർദേശങ്ങള് കൈമാറും. ഇതിന് പുറമേ ക്യാമറാ ദൃശ്യങ്ങള് അറുപത് ദിവസം വരെ റെക്കോഡ് ചെയ്ത് സൂക്ഷിക്കുന്നതിനും സൗകര്യമുണ്ട്.സന്നിധാനത്തും പരിസരങ്ങളിലും തീർഥാടകര് കൂട്ടം കൂടുന്നതും കോവിഡ് പ്രോട്ടോക്കോള് പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും സിസിടിവി. ക്യാമറാകള് ഉപയോഗിക്കുന്നുണ്ട്.

നിരീക്ഷണ ക്യാമറകള് സജ്ജമാക്കിയതിലൂടെ കോവിഡിന്റെ പശ്ചാത്തലത്തില് പോലീസിന് ജോലി സുഗമമായെന്ന് സന്നിധാനം പോലീസ് സ്പെഷല് ഓഫീസര് ബി.കെ. പ്രശാന്തന് കാണി പറഞ്ഞു. ഇതിന് പുറമേ വന്യജീവികളുടെ സാന്നിധ്യം തിരിച്ചറിയാന് കഴിയുന്നതിനും അതനുസരിച്ച് മുൻകരുതലെടുക്കുന്നതിനും 24 മണിക്കൂര് ക്യാമറാ നിരീക്ഷണത്തിലൂടെ കഴിയുന്നതായും പോലീസ് സ്പെഷല് ഓഫീസര് പറഞ്ഞു.

(പി.ആര്‍. ശബരി-99)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

t1cf kÀjmÀ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| ഡിസംബർ | | |
|---|---|---|
| **DECEMBER** | **14** | **2020** |



## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735–202664

*www.prd.kerala.gov.in, prdnewssabarimala2021@gmail.co*


### ശബരിമല: സന്നിധാനത്ത് കോവിഡ് ജാഗ്രത ത്വരിതപ്പെടുത്തും

ശബരിമല സന്നിധാനത്ത് വിവിധ വകുപ്പുകളിലും ദേവസ്വം ജീവനക്കാർക്കിടയിലും കോവിഡ് ജാഗ്രത പ്രവര്ത്തനങ്ങള് ത്വരിതപ്പെടുത്താന് സന്നിധാനത്ത് ചേർന്ന ഉന്നതതല സമിതി യോഗം തീരുമാനിച്ചു. കഴിഞ്ഞ ദിവസം സന്നിധാനത്ത് നടത്തിയ കോവിഡ് രോഗ നിര്ണയ ക്യാമ്പില് ജീവനക്കാരില് ചിലര് രോഗബാധിതരാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം. പോസിറ്റീവായി കണ്ടെത്തിയവരുമായി സമ്പർക്കം പുലർത്തിയവരെ പൂർണമായും സന്നിധാനത്ത് നിന്നും നീക്കും. ഇതിനായി ആരോഗ്യ വകുപ്പില് നിന്നും സമ്പർക്കപ്പട്ടിക വിവിധ വകുപ്പുകൾക്ക് കൈമാറും. രോഗബാധിതനെ കണ്ടെത്തിയ വ്യാപാര സ്ഥാപനം അടപ്പിക്കുകയും ഇവിടെ ജോലി ചെയ്ത ഏഴ് ജീവനക്കാരെ സന്നിധാനത്ത് നിന്നും നീക്കുകയും ചെയ്തു. തുടര് ദിവസങ്ങളിലും വ്യാപാര സ്ഥാപനങ്ങളില് ഉൾപ്പെടെ പരിശോധന കർശനമാക്കും.

ഇതോടൊപ്പം ആരോഗ്യവകുപ്പ് നൽകുന്ന നിർദേശങ്ങള് കർശനമായി പാലിക്കണമെന്ന് അതത് വകുപ്പുകളിലെ നോഡല് ഓഫീസർമാരും ദേവസ്വം അധികൃതരും ജീവനക്കാർക്ക് നിർദേശം നൽകും. എല്ലാ വിഭാഗം ജീവനക്കാരും കോവിഡ് പ്രോട്ടോക്കോള് പാലിച്ച് കൃത്യമായി

മാസ്ക് ധരിക്കുന്നതും കൈകള് ഇടയ്ക്കിടെ സാനിറ്റൈസര് ഉപയോഗിച്ച് അണുനശീകരണം നടത്തുന്നതും സാമൂഹ്യ അകലം കൃത്യമായി പാലിക്കുന്നതും ഉറപ്പ് വരുത്തണം. വിവിധ വകുപ്പുകളിലുള്ളവരും ദേവസ്വത്തിന് കീഴിലെ വിവിധ വിഭാഗം തൊഴിലാളികളും ഭക്ഷണം കഴിക്കുന്ന സമയത്തും ജോലി ചെയ്യുമ്പോഴും പരസ്പരം ഇടപഴകുന്നത് പരമാവധി കുറയ്ക്കണം. രോഗലക്ഷണങ്ങളുണ്ടെങ്കില് ഉടന് ആരോഗ്യ വകുപ്പിനെ അറിയിക്കണം. കോവിഡ് പോസിറ്റീവ് ആകുന്നവരുമായി പ്രാഥമിക സമ്പര്ക്കമുള്ളവരും കൃത്യമായി റിപ്പോര്ട്ട് ചെയ്യണം. താമസ സ്ഥലങ്ങളിലും കോവിഡ് പ്രോട്ടോക്കോള് കൃത്യമായി പാലിക്കണം. സന്നിധാനത്ത് ജോലി ചെയ്യുന്നവര് 14 ദിവസത്തെ ഇടവേളയില് കോവിഡ് പരിശോധന നടത്തണം.

ഇതോടൊപ്പം ശബരിമലയിലെ ഉത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി ചെയ്യേണ്ട നടപടികള് കൈക്കൊള്ളുന്നതിനും യോഗത്തില് തീരുമാനമായി. യോഗത്തില് സന്നിധാനം പോലീസ് സ്പെഷല് ഓഫീസര് ബി.കെ. പ്രശാന്തന് കാണി, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് സി.പി. സത്യപാലന് നായര്, ഫെസ്റ്റിവല് കണ്ട്രോള് ഓഫീസര് മധുസൂദനന് നായര്, നിലയ്ക്കല് പിഎച്ച്സി മെഡിക്കല് ഓഫീസര് ഡോ. ഇ. പ്രശോഭ്, ദേവസ്വം ഉദ്യോഗസ്ഥര്, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥര് എന്നിവര് പങ്കെടുത്തു.

**(പി.ആര്. ശബരി-100)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 14 | 2020 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


### ശബരിമലയിലെ നാളത്തെ ചടങ്ങുകള് (15.12.2020)

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
8 മണി മുതല് 9 മണി വരെ ഉദയാസ്തമന പൂജ
11.30 ന് .....25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

(പി.ആര്‍. ശബരി-101)

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

tlcf kÀjmÀ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 14 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ് 4


ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


### ശബരിമലയില് 24 മണിക്കൂറും കർമ്മ നിരതരായി വൈദ്യുതി വകുപ്പ്

മണ്ഡല കാലത്ത് ശബരിമലയില് 24 മണിക്കൂറും ഇടതടവില്ലാതെ വൈദ്യുതി വിതരണം നടത്തുന്നതിനുള്ള കുറ്റമറ്റ സംവിധാനങ്ങളാണ് കെഎസ്ഇബി ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഫലമായി നിലയ്ക്കല്, പമ്പ, ത്രിവേണി, സന്നിധാനം എന്നിവിടങ്ങളിലും കാനന പാതയില് ഉൾപ്പെടെ എല്ലായിടത്തും രാപകല് വ്യത്യാസമില്ലാതെ വൈദ്യുതി എത്തിക്കുന്നുണ്ട്. സന്നിധാനത്ത് പ്രത്യേകം സജ്ജമാക്കിയ കൺട്രോള് റൂമില് നിന്നാണ് ശബരിമലയിലെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങള് ഏകോപിപ്പിക്കുന്നത്. വൈദ്യുതി സംബന്ധമായ പരാതി ശ്രദ്ധയിൽപ്പെടുന്ന ആർക്കും ഇക്കാര്യം കൺട്രോള് റൂമില് അറിയിക്കാം. ഇവിടേക്ക് പ്രത്യേക മൊബൈല് നമ്പരുമുണ്ട്. ഈ നമ്പരുകള് എല്ലാ ട്രാൻസ്ഫോർമറുകളിലും രേഖപ്പെടുത്തിയിട്ടുണ്ട്.

പത്തനംതിട്ട കെഎസ്ഇബി എക്സിക്യൂട്ടീവ് എൻജിനിയറുടെ മേൽനോട്ടത്തില് അസി. എൻജിനീയറുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് സന്നിധാനത്തെയും പമ്പയിലേയും വൈദ്യുതി വകുപ്പിന്റെ പ്രവർത്തനം. ഇവരെ കൂടാതെ പത്തനംതിട്ട കെഎസ്ഇബി സർക്കിളിന് കീഴില് സന്നിധാനത്ത് 12 ഉം, പമ്പയില് ഏഴും

ജീവനക്കാരാണ് സേവനത്തിനുള്ളത്. ഏഴ് ദിവസത്തെ ഷിഫ്റ്റ് അടിസ്ഥാനത്തിലാണ് ഇവര് ജോലി ചെയ്യുന്നത്.

പമ്പ സബ് സ്റ്റേഷനില് നിന്നും 17 കിലോ മീറ്റര് ദൂരത്തില് 11 കെവി എബിസി (ഏരിയല് ബെഞ്ച് കേബിള്) വഴിയാണ് സന്നിധാനത്തേക്ക് വൈദ്യുതിയെത്തുന്നത്. രണ്ട് വര്ഷം മുമ്പാണ് വനത്തിലൂടെ അതീവ സുരക്ഷാ സംവിധാനമുള്ള എബിസി കേബിള് സ്ഥാപിച്ചത്. വന്യമൃഗങ്ങള് മൂലവും പ്രകൃതി ക്ഷോഭത്തില് മണ്ണിടിഞ്ഞും മരം ഒടിഞ്ഞ് വീണും ലൈന് തകരാറില് ആകാതിരിക്കാനാണ് കേബിള് സംവിധാനമൊരുക്കിയത്. സന്നിധാനത്ത് വൈദ്യുതി വിതരണം ചെയ്യുന്നതിനായി 20 കിലോ മീറ്റര് ദൂരത്തില് എൽടി ലൈനുകളാണ് സ്ഥാപിച്ചിരിക്കുന്നത്. വൈദ്യുതി വിതരണം സുഗമമാക്കുന്നതിനായി സന്നിധാനം, ശബരി, മരക്കൂട്ടം, ത്രിവേണി എന്നിവിടങ്ങളിലായി നാല് ഫീഡറുകളാണുള്ളത്. ഇതിന് പുറമേ 100 കെവിയുടെ 30 ല് അധികം ട്രാൻസ്ഫോർമകളാണ് സന്നിധാനത്തും പമ്പയിലുമായി സജ്ജീകരിച്ചിരിക്കുന്നത്.

മുന് വര്ഷങ്ങളില് കുരങ്ങും മലയണ്ണാനും ഉൾപ്പെടെയുള്ള ജീവികള് വൈദ്യുതാഘാതമേറ്റ് മരണപ്പെടുക പതിവായിരുന്നു. ഇതിന് പുറമേ വൈദ്യുതി വിരണവും തടസപ്പെട്ടിരുന്നു. ഇതിന് പരിഹാരമായി ഈ വര്ഷം മുതല് ട്രാൻഫോർമര് സ്ട്രക്ച്ചറിന് മുകളിലുള്ള എബി സ്വിച്ചുകളില് മങ്കി ഗാർഡ് (കുരങ്ങ് സുരക്ഷാ കവചം) സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് സ്ഥിരമായി ജോലി ചെയ്യുന്ന സബ് എൻജിനിയര് സുരേഷാണ് (കുരങ്ങ് സുരക്ഷാ കവചം) മങ്കി ഗാർഡ് ഡിസൈന് ചെയ്തിരിക്കുന്നത്. ആദ്യ ഘട്ടത്തില് സന്നിധാനത്തും പരിസരങ്ങളിലും സ്ഥാപിച്ച മങ്കി ഗാർഡ് അടുത്ത സീസണില് പമ്പയിലേക്കും നീട്ടും. പമ്പ മുതല് സന്നിധാനം വരെയുള്ള എല്ലാ വഴിവിളക്കുകളുടേയും വെളിച്ചവിതരണവും പരിപാലനവും കെഎസ്ഇബിയാണ്. കൺട്രോള് റൂമിനോട് ചേർന്ന് അറ്റകുറ്റപണികൾക്കുള്ള ഉപകരണങ്ങള് സൂക്ഷിക്കുന്നതിനായി പ്രത്യേകം സ്റ്റോര് റൂമും ഉണ്ട്. സീസണ് കഴിഞ്ഞാലും മൂന്നിലധികം ജീവനക്കാര് എല്ലാ ദിവസവും ഓഫീസില് ഉണ്ടാവും. മാസ പൂജയ്ക്കും മണ്ഡലകാലത്തും അസിസ്റ്റൻഡ് എൻജിനിയര് ഉൾപ്പെടെയുള്ളവരുടെ നേരിട്ടുള്ള സേവനവും ഉണ്ടാവും.

**(പി.ആര്. ശബരി-102)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 14 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 5

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### സന്നിധാനത്ത് പോലീസിന്റെ മൂന്നാമത്തെ ബാച്ച് ചുമതലയേറ്റു

ശബരിമല സന്നിധാനത്ത് പോലീസ് സേനയുടെ മൂന്നാമത്ബാച്ച് ചുമതലയേറ്റു. രണ്ടാമത് ബാച്ച് സേവനം പൂർത്തിയാക്കി മടങ്ങിയതിനെ തുടർന്നാണിത്. തിങ്കളാഴ്ച ഉച്ചയ്ക്ക് മൂന്നാമത് ബാച്ച് ജോലിയില് പ്രവേശിച്ചു. ഇതിനു മുന്നോടിയായി വലിയ നടപ്പന്തലില് സംഘടിപ്പിച്ച ചടങ്ങില് സന്നിധാനം സ്പെഷ്യല് പോലീസ് ഓഫീസര് ബി.കെ. പ്രശാന്തന് കാണി സേനാംഗങ്ങൾക്ക് മാർഗനിർദേശം നൽകി. ആരോഗ്യ വകുപ്പ് നിർദേശിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പുതിയ ബാച്ചിന് ഉറപ്പുവരുത്തുമെന്ന് സ്പെഷ്യല് പോലീസ് ഓഫീസര് പറഞ്ഞു. സാനിറ്റൈസര്, ഗ്ലൗസ്, മുഖാവരണം തുടങ്ങിയവ നിർബന്ധമായും ഉപയോഗിക്കണമെന്നും, താമസ സ്ഥലം, അടുക്കള, ശൗചാലയം തുടങ്ങിയവ ഉപയോഗിച്ച് കഴിഞ്ഞ ഉടന് അണുവിമുക്തമാക്കണമെന്നും നിർദേശം നൽകി. എന്തെങ്കിലും രോഗ ലക്ഷണങ്ങള് കണ്ടാല് ഉടന് ആരോഗ്യ വകുപ്പിനെ അറിയിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

**(പി.ആര്. ശബരി-103)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

t\cf kÀ¡mÀ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| ഡിസംബർ<br>DECEMBER | 14 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 6

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### അയ്യപ്പന്മാർക്ക് സുരക്ഷ ശക്തമാക്കി വനം വന്യജീവി വകുപ്പ്

ശബരിമല ദർശനത്തിന് മലകയറുന്ന അയ്യപ്പഭക്തന്മാർക്ക് സുരക്ഷ ശക്തമാക്കി വനം വന്യജീവി വകുപ്പ്. പമ്പയില് നിന്നും സന്നിധാനത്തേക്ക് തീർഥാടകര് സഞ്ചരിക്കുന്ന യാത്രാപാത പെരിയാര് ടൈഗര് റിസർവ് മേഖലയിൽപ്പെടുന്നതാണ്. ഈ പാത കടന്ന് പോകുന്ന പലയിടങ്ങളിലൂടെയും വന്യജീവികള് സഞ്ചരിക്കുന്നതിനാലാണ് അയ്യപ്പഭക്തർക്ക് സുരക്ഷ ഒരുക്കിയിരിക്കുന്നത്്. പുലർച്ചെ നാലിന് പമ്പയില് നിന്ന് സന്നിധാനത്തേക്ക് വരുന്ന അയ്യപ്പഭക്തർക്കും രാത്രി തിരിച്ചിറങ്ങുന്നവർക്കും ആയുധധാരികളായ വനം വകുപ്പ് ജീവനക്കാരുടെ അകമ്പടിയോടെ സുരക്ഷിതമായി കാനന പാതയിലൂടെ യാത്ര ചെയ്യാമെന്ന് സെക്ഷന് റേഞ്ച് ഓഫീസർ പി.കെ. രാജേഷ് പറഞ്ഞു.

വന്യജീവികളില് നിന്നും തീർഥാടകർക്ക് സംരക്ഷണം ഒരുക്കുന്നതിന് പുറമേ മലിനീകരണത്തിനെതിരേ ബോധവത്കരണം, ഇഴ ജന്തുക്കളില് നിന്നുള്ള ശല്യം ഒഴിവാക്കല് എന്നിവയും വന വകുപ്പ് അധികൃതരുടെ നേതൃത്വത്തില് ചെയ്തു വരുന്നുണ്ട്. നിലവിലെ ബാച്ചിന്റെ കാലാവധി ഡിസംബര് 14 വരെയാണ്. 14 മുതല് 29 വരെയാണ് അടുത്ത ബാച്ചിന്റെ സേവനം ശബരിമലയിലുണ്ടാവുക. 10 പേരാണ് ഒരു ബാച്ചിലുള്ളത്. ഒരു റേഞ്ച് ഓഫീസര്, ഒരു സെക്ഷന് ഫോറസ്റ്റ് ഓഫീസര്,

എട്ട് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാര് എന്നിവരാണ് ഒരു ബാച്ചിലുള്ളത്. നട തുറന്നത് മുതല് ഇതുവരെ 37 ഇഴജന്തുക്കളെ സന്നിധാന പരിസരത്ത് നിന്നും നീക്കം ചെയ്തിട്ടുണ്ടെന്ന് റേഞ്ച് ഫോറസ്റ്റ് ഓഫീസര് പറഞ്ഞു. കൂടാതെ വനം വകുപ്പിനെ സംബന്ധിച്ച് എന്ത് ആവശ്യത്തിനും 24 മണിക്കൂറും പ്രവര്ത്തിക്കുന്ന കൺട്രോള് റൂമും സന്നിധാനത്ത് സജ്ജമായിട്ടുണ്ട്. കൺട്രോള് റൂം നമ്പര്: 04735 202077, റേഞ്ച് ഓഫീസര്: 9447586833.

**(പി.ആര്. ശബരി-104)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 14 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ് 7

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### കോവിഡ്: ശബരിമല ഡ്യൂട്ടിയിലുള്ള ജീവനക്കാര് ജാഗ്രത പുലർത്തണം: ഡി.എം.ഒ

ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനത്തോടനുബന്ധിച്ച് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള വിവിധ വകുപ്പുകളിലെ ജീവനക്കാർക്കിടയില് കോവിഡ് വ്യാപനം ഉണ്ടാകാതിരിക്കാന് പ്രത്യേക ശ്രദ്ധ വേണമെന്ന് ജില്ലാ മെഡിക്കല് ഓഫീസര് ഡോ.എ.എല് ഷീജ അറിയിച്ചു.

ഇതിനായി താഴെ പറയുന്ന കാര്യങ്ങള് ശ്രദ്ധിക്കണം

കോവിഡ് പ്രതിരോധ മാനദണ്ഡങ്ങള് കർശനമായി പാലിക്കണം. ശരിയായ രീതിയില് മാസ്ക് ധരിക്കുക. ഉപയോഗിച്ച മാസ്കുകള് അലക്ഷ്യമായി വലിച്ചെറിയരുത്. ഇടയ്ക്കിടെ സോപ്പോ സാനിറ്റൈസറോ ഉപയോഗിച്ച് കൈകള് വൃത്തിയാക്കുക. സാമൂഹിക അകലം പാലിക്കുക. ഓഫീസുകള്, പൊതു ഇടങ്ങള് എന്നിവയ്ക്ക് പുറമെ ജീവനക്കാര് താമസിക്കുന്ന സ്ഥലങ്ങളിലും സാമൂഹിക അകലം പാലിക്കുവാന് പ്രത്യേകം ശ്രദ്ധിക്കണം. മെസ് ഹാളുകളിലും, കാന്റീനുകളിലും തിരക്ക് കൂട്ടരുത്. സുരക്ഷിതമായ അകലം പാലിക്കുകയും, കൈകളും പാത്രങ്ങളും സോപ്പ് ഉപയോഗിച്ച് വൃത്തിയാക്കുകയും വേണം. പനിയോ

മറ്റ് രോഗലക്ഷണങ്ങളോ കണ്ടാല് ഉടന് തന്നെ ആശുപത്രിയില് എത്തുക. നിർദ്ദേശിക്കുന്ന സമയങ്ങളില് പരിശോധനയ്ക്ക് വിധേയരാകുക. ശ്രദ്ധയോടെ പെരുമാറിയാല് ജീവനക്കാർക്കിടയിലെ കോവിഡ് വ്യാപനം തടയാനാകുമെന്ന് ജില്ലാ മെഡിക്കല് ഓഫീസര് ഡോ.എ.എല് ഷീജ അഭിപ്രായപ്പെട്ടു.

**(പി.ആര്. ശബരി-105)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.